"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസം - 2019-20 അദ്ധ്യായന വർഷത്തിൽ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഒന്നാം വർഷത്തെ ഒഴിവുള്ള സീറ്റുകളിൽ, ലാറ്ററൽ എൻട്രി പ്രവേശന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.1305/2019/ഉ.വി.വ തീയതി,തിരുവനന്തപുരം, 26/07/2019

---

പരാമർശം:- 1 സ.ഉ.(സാധാ)നം.426/2019/ഉ.വി.വ. തീയതി 20/03/2019.

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 0807/2019 ലെ എ.സി.ബി. 2/567/19 നമ്പർ കത്ത്.

**ഉത്തരവ്**

2019-20 ലാറ്ററൽ എൻട്രി ബി.ടെക് പ്രവേശന പ്രോസ്പെക്ടസിൽ AICTE ഹാൻഡ് ബുക്ക് പ്രകാരം എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഒന്നാം വർഷത്തെ ഒഴിവുള്ള സീറ്റുകളിൽ (lapsed seats) പ്രവേശനം അനുവദിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പരാമർശം (1)-ലെ ഉത്തരവ് പ്രകാരം അനുവാദം ലഭിക്കാത്തതിനാൽ CAPE അധീനതയിലുള്ള കോളേജുകൾ ഉൾപ്പെടെ, എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഒന്നാം വർഷത്തെ ഒഴിവുള്ള സീറ്റുകളിൽ (lapsed seats)സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ ലാറ്ററൽ എൻട്രി പ്രവേശന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം അനുവദിക്കണം എന്ന പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019-20 അദ്ധ്യയന വർഷത്തിൽ AICTE ഹാൻഡ് ബുക്ക് clause 6.9 (a) പ്രകാരം ലാറ്ററൽ എൻട്രി മുഖേന 10% സീറ്റുകൾ പ്രവേശനം അനുവദിക്കുന്നതോടൊപ്പം CAPE അധീനതയിലുള്ള കോളേജുകൾ ഉൾപ്പെടെ, എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലെയും ഒന്നാം വർഷത്തെ ഒഴിവുള്ള സീറ്റുകളിൽ (lapsed seats)സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിയ ലാറ്ററൽ എൻട്രി പ്രവേശന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

3.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

4.www.highereducation.kerala.gov.in.

5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ